സംസ്ഥാനത്ത് ഐ. ടി. കോറിഡോർ

89 [3786] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് ചെന്നൈ, ബാംഗ്ലൂർ, ഹൈദ്രാബാദ് തുടങ്ങിയ നഗരങ്ങൾ വളരെ മുന്നേറിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കേരളത്തെയും ഐ. ടി. വികസനത്തിൽ മുന്നിലെത്തിക്കാൻ സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(സി) നാസ്കോം എന്ന സംഘടന നടത്തിയ പഠന റിപ്പോർട്ടിൽ തിരുവനന്തപുരത്തിനും കൊച്ചിക്കും ഐ. ടി. വികസന കാര്യത്തിൽ എന്ത് സാദ്ധ്യതകളാണ് കണ്ടെത്തിയിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത് ഐ. ടി. കോറിഡോർ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്തർദേശീയ നിലവാരത്തിലുള്ള കെട്ടിടസമുച്ചയങ്ങൾ, ഉയർന്ന ഗുണ മേൻമയോടുകൂടിയ വിവിധയിനം അടിസ്ഥാനസൗകര്യങ്ങൾ, മികച്ച വൈദ്യുതി, ജലം ഇവയുടെ സുഗമമായ ലഭ്യത, ഡാറ്റാ കണക്ടിവിറ്റി, ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ, സോഫ്റ്റ്വെയർ കോംപീറ്റൻസി (ടെസ്റ്റിംഗ്) സെന്റർ, ഹ്യൂമൻ റിസോഴ്സ് ഡവലപ്മെൻറ് പ്രോഗ്രാമുകൾ തുടങ്ങിയ ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ ഇൻസെന്റീവുകൾ ലഭ്യമാക്കുന്നതിനായി മറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇവയെല്ലാം കേരളത്തിലെ ഐ. ടി. വികസനത്തെ മുന്നിലെത്തിക്കാൻ സഹായകമാകുന്നു.

(സി) ഐ. ടി. വികസനത്തെ ആസ്പദമാക്കി നാസ്കോം നടത്തിയ പഠനത്തിൽ ഇന്ത്യയിലെ 13 നഗരങ്ങളിൽ കേരളത്തിലെ കൊച്ചിയും തിരുവനന്തപുരവും ഉൾപ്പെടുന്നു. നാസ്കോം പഠന റിപ്പോർട്ട് പ്രകാരം കൊച്ചിക്ക് ഐ. ടി./ഐ. ടി. ഇ. എസ്. വികസനത്തിൽ മറ്റ് നഗരങ്ങളെ അപേക്ഷിച്ച് കൂടുതൽ സാദ്ധ്യതകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) കഴക്കൂട്ടം-കോവളം ഐ. ടി. കോറിഡോർ സ്ഥാപിക്കുന്നതിനു വേണ്ടിയാണ് ടെക്നോപാർക്കിനോട് ചേർന്ന് അധികമായി 86 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly